കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാടായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18


## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2 /278/ 2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 01.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

മാടായി ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : മാടായി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മാടായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ മുഖേന)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2 /278/ 2019 തീയ്യതി: 01.04.2019

# കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മാടായി ഗ്രാമ പഞ്ചായത്ത് 01-08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-02-2019 മുതൽ 05-03-2019 വരെ | ശ്രീ.ലീലാകൃഷ്ണൻ എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. അന്ന അബ്രഹാം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആബിദ.എസ്.കെ | 01-4-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.അബ്ദുൾ ഫത്താഹ് | 01-4-2017 മുതൽ 21-12-2017 വരെ |
| | ശ്രീ.ബിന്ദ വർഗീസ്(സെക്രട്ടറി ഇൻ ചാർജ്) | 22-12-2017 മുതൽ18-01-2018വരെ |
| | ശ്രീ.എം.വി.ചന്ദ്രൻ | 19-01-2018മുതൽ 31-03-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിന്ദ വർഗീസ് | 01-04-2017 മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.വഹീദ.കെ | 01-04-2017 മുതൽ 31-10-2017 വരെ |
| | ശ്രീമതി.സ്വപ്ന വി.എസ്. | 01-11-2017 മുതൽ 04-01-2018 വരെ |
| | ശ്രീ.രജീഷ് | 05-01-2018 മുതൽ31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. വിനോദ് കുമാർ.ടി | 01-04-2017 മുതൽ 31-03-2018വരെ |
| വി.ഇ.ഒ. 1 | ശ്രീമതി.ഷീന.കെ.എം | 01-04-2017 മുതൽ 31-03-2018വരെ |
| വി.ഇ.ഒ. 2 | ശ്രീ.ശ്രീജിത്ത്.ഒ | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.സി.പ്രസൂൺ | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രശ്മി.എൻ | 01-04-2017 മുതൽ 31-03-2018വരെ |

| | | |
|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.രാജേന്ദ്രൻ.കെ.വി | 01-04-2017 മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീലേഖ.കെ.പി | 01-04-2017 മുതൽ 31-03-2018വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഉഷ.എം | 01-04-2017 മുതൽ 30-11-2017 വരെ |
| | ശ്രീമതി.തരുണി | 01-12-2017 മുതൽ31-03-2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.കുമാരൻ | 01-04-2017 മുതൽ 31-03-2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഗ്രാമപഞ്ചായത്തുപരിധിയിലുള്ള മുഴുവൻ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണ്. | 2-1 |
| 14 | ഡി & ഓ ലൈസൻസ് – ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. | 2-2 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി ആൻഡ് ഓ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-3 |
| 16 | കരാറുകാർ,അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ,ആധാരം എഴുത്തുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല. | 2-4 |
| 17 | തൊഴിൽ നികുതി ഈടാക്കാത്തത് | 2-5 |
| 18 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 2-6 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | അനധികൃത കെട്ടിടം പൂട്ടിക്കൽ-തുടർ നടപടി എന്തെന്ന് വ്യക്തമല്ല. | 3-1 |
| 20 | ആനുകൂല്യ വിതരണപരിപാടി-സ്റ്റേജ്,പന്തൽ എന്നിവയ്ക്ക് തുക ചെലവഴിച്ചു. | 3-2 |

| | | |
|---|---|---|
| 21 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം-അനുമതി സംബന്ധിച്ച് | 3-3 |
| 22 | സാന്ത്വന പരിചരണ പദ്ധതി(പ്രോ.നം.179/18)-അടവാക്കിയ മുഴുവൻ തുകയുടെയും മരുന്നു ലഭിച്ചിട്ടില്ല. | 3-4 |
| 23 | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ(പ്രോ.നം.so194/18)-മരുന്നിന്റെ വില സംബന്ധിച്ച് | 3-5 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം – 8,64,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 25 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ | 3-7 |
| 26 | ലൈഫ് – പൂർത്തീകരിക്കാത്ത ഭവനം പൂർത്തീകരിക്കൽ - ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-8 |
| 27 | കുഞ്ഞിമാവിൻ ഇട്ടൻ ശ്മശാനം ചുറ്റുമതിൽ നിർമ്മാണം മണ്ണ് നിറക്കൽ- അധികം നല്കിയ ₹ 13969 നിരാകരിക്കുന്നു | 3-9 |
| 28 | ബിറ്റുമിൻ പഞ്ചായത്ത് വാങ്ങിനല്കിയിട്ടും ബിറ്റുമിനസ് ഇനങ്ങൾക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും അനുവദിച്ചു – ₹26384 അധികച്ചെലവ് | 3-10 |
| 29 | മരാമത്ത് സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല. ചെലവ് 37% മാത്രം | 3-11 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഖണ്ഡികകളുടെ വിവരം | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | റസീറ്റ് & പെയ്മെമെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25-03-17 തീയതിയിലെ 74/17 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6722966 |
| വരവ് | 127512000 |
| ആകെ | 134234966 |
| ചെലവ് | 119282200 |
| നീക്കിയിരിപ്പ് | 14952766 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ<br>തിരിച്ചയച്ച തീയതി |
|---|---|---|
| 31/07/18 | 05/06/18 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-06-2018 &29-06-2018 | കെ.എസ്.എ/കെ.എൻ.ആർ /സി2/1386/2018 തീ 31-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17970282.61 |
| വരവ് | 58408558 |
| ആകെ | 76378840.61 |
| ചെലവ് | 60684433 |
| നീക്കിയിരിപ്പ് | 15694407.61 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16149000 | 16149000 | 12653307 | 3495693 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5861419 | 5861419 | 4591230 | 1270189 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 32986 | 32986 | | 32986 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4696000 | 4696000 | 3361969 | 1334031 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3654000 | 3654000 | 1738373 | 1915627 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11803676 | 11803676 | 8025787 | 3777889 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 3220596 | 3220596 | - | - |
| സാക്ഷരത | | 4794 | - | 4794 | | 4794 |
| ദുരിതാശ്വാസനിധി | | 8881 | 7908 | 16789 | 16000 | 789 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 6591113 | 6591113 | 6591113 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1000 | 491152 | 492152 | 489113 | 3039 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അനുപൂരക പോഷകാഹാരം) | | 179138 | 774413 | 953551 | 500000 | 453551 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | 1866110 | 1866110 | 607310 | 1258800 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2172561 | 535000 | 2707561 | 535000 | 2172561 |
| | ജില്ലാ പഞ്ചായത്ത് | 1580762 | 708600 | 2289362 | 563600 | 1725762 |
| ബി ഫണ്ട് | | - | 486840 | 486840 | 486840 | - |
| ജനറൽ പർപ്പസ് ഗ്രാന്റ്(ട്രഷറി അക്കൗണ്ട്) | | - | 12778848 | - | - | - |
| തനത് ഫണ്ട്* | ബാങ്ക് അക്കൗണ്ട് | - | - | - | - | - |

*പ്രത്യേക എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക്, ട്രഷറി, ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 199 | 125 | 1 | 73 | 62.81 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 01 | സെക്രട്ടറി | 50 | 41 | 9481867 | 7911737 | 83.44 |
| 02 | അസിസ്റ്റന്റ് സെക്രട്ടറി | 07 | 07 | 1916900 | 1715650 | 89.50 |
| 03 | അസിസ്റ്റന്റ് എഞ്ചിനീയർ | 95 | 37 | 37742452 | 13880187 | 36.78 |
| 04 | കൃഷി ഓഫീസർ | 06 | 05 | 5073445 | 3527815 | 69.54 |
| 05 | വി.ഇ.ഒ | 07 | 07 | 4625000 | 2018700 | 43.65 |
| 06 | മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 05 | 04 | 1615000 | 1367890 | 84.70 |
| 07 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 07 | 05 | 1281250 | 352400 | 27.50 |

| | | | | | | |
|---|---|---|---|---|---|---|
| 08 | മെഡിക്കൽഓഫീസർ-ഹോമിയോ | 01 | 01 | 400000 | 400000 | 100 |
| 09 | വെറ്ററിനറി സർജൻ | 08 | 08 | 1768000 | 1487674 | 84.14 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04 | 03 | 5413650 | 4889600 | 90.32 |
| 11 | ഹെഡ് മാസ്റ്റർ | 04 | 03 | 1225042 | 1108680 | 90.5 |
| 12 | വി.ഇ.ഒ | 04 | 03 | 2105000 | 1760000 | 83.61 |
| 13 | ക്ഷീര വികസന ഓഫീസർ | 01 | 01 | 380000 | 380000 | 100 |
| | ആകെ | 199 | 125 | 73027606 | 40800393 | 55.87 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 483152 | 484152 | 481113 | 3039 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 6107961 | 6107961 | 6107961 | |
| ആകെ | 1000 | 6591113 | 6592113 | 6589074 | 3039 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36840 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 583900 | 62 |
| വിധവാപെൻഷൻ | 13928600 | 1167 |
| വാർദ്ധക്യകാലപെൻഷൻ | 29367300 | 2303 |
| വികലാംഗപെൻഷൻ | 4084300 | 366 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 893900 | 73 |
| വിവാഹധനസഹായം | 420000 | 14 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-03-2019 തീയ്യതി 12.30PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹14,471/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18വർഷം ഓഫീസ് ജീവനക്കാരുടെ യോഗം കൃത്യമായി ചേർന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം, പഴ്സണൽ രജിസ്റ്റർ സൂക്ഷിപ്പ് , നികുതി പിരിവ് തുടങ്ങിയ കാര്യങ്ങൾ മീറ്റിംഗുകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-02-2019 | 01-01-19 മുതൽ 31-01-19 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി (തൻവർഷം, കുടിശ്ശിക) ഡിമാന്റ്, കളക്ഷൻ, ബാലൻസും, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസും പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യ പത്രികയിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾ

പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ദുരിതാശ്വാസനിധി (മാടായി കോ-ഓപ്പ്. ബാങ്ക് അക്കൗണ്ട് നം. 2172) എ.എഫ്.എസി ലെയും പാസ്സ് ബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

4. സിൻഡിക്കേറ്റ് ബാങ്ക് (പ്ലാൻ അക്കൗണ്ട്) എ.എഫ്.എസി ലെയും പാസ്സ് ബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

5. വാർഷിക ധനകാര്യ പത്രികയിലെ RP-7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധയിനം ഫണ്ടുകളുടെ (Development Fund General, SCP, Central Finance Commission Grant) വരവ് ACR, Sulekha എന്നിവ പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗ്രാന്റ് | അക്കൗണ്ടിൽ രേഖപ്പെടുത്തിയ തുക (RP-7) | സുലേഖ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 12288441 | 12653307 | 364866 |
| SCP | 4106958 | 4591230 | 484272 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7579889 | 8025787 | 445898 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 2534494 | 3361969 | 827475 |
| “ നോൺ റോഡ് | 1143115 | 1738373 | 595258 |

6. ജീവനക്കാരുടേത് ഒഴികെയുള്ള അഡ്വാൻസ് രജിസ്ററർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ്തുകകൾ/

സംയുക്ത പ്രോജക്ടിനുള്ള തുകകൾ എന്നിവയ്ക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

8. RP- 40(a) പ്രകാരം Old VPF-1 അക്കൗണ്ടിൽ 154 രൂപ നീക്കിയിരിപ്പുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തുപരിധിയിലുള്ള മുഴുവൻ വളർത്തു നായ്ക്കൾക്കും വേണ്ടി ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1998 ലെ കേരളാ പഞ്ചായത്തിരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3, ഉപചട്ടം 1 പ്രകാരം ലൈസൻസ് കൂടാതെ ഗ്രാമപഞ്ചായത്തു പ്രദേശത്തു യാതൊരാളും പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. മാടായി ഗ്രാമപഞ്ചായത്തിന്റെ 2017-22 വികസന രേഖ പേജ് 81 പ്രകാരം പഞ്ചായത്തു പരിധിയിൽ 152 വളർത്തു നായ്ക്കളുണ്ട്. എന്നാൽ 2017-18 വാർഷിക ധനകാര്യപത്രിക പ്രകാരം നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് ഇനത്തിലെ വരുമാനം ₹ 250 മാത്രമാണ്. ആയതിൽ നിന്നും ഗ്രാമപഞ്ചായത്തു പരിധിയിൽ വളർത്തുന്ന ഭൂരിഭാഗം നായ്ക്കൾക്കും വേണ്ടി ലൈസൻസ് എടുത്തിട്ടില്ലെന്ന് അനുമാനിക്കാം. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.11/27.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ചട്ടം 4, ഉപചട്ടം 7 പ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

## 2-2 ഡി & ഓ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം പഞ്ചായത്തു പരിധിയിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ 3482 കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി & ഓ ലൈസൻസിനുള്ള അപേക്ഷകൾ 457 എണ്ണം മാത്രമാണ്. ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾ ഒരു വാണിജ്യാവശ്യത്തിനായി ഡി & ഓ ലൈസൻസ് എടുക്കാമെങ്കിലും, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണത്തിലും വാണിജ്യാവശ്യത്തിനായുള്ള ഡി & ഓ ലൈസൻസ് അപേക്ഷകളുടെ എണ്ണത്തിലുമുള്ള ഈ പ്രകടമായ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് വരും വർഷങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ വാർഡുകളിലും പ്രാദേശിക പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

## 2-3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി ആൻഡ് ഓ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കേരളാപഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്ന പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി ആൻഡ് ഓ ലൈസൻസ് എടുക്കേണ്ടതാണ്. താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം ഡി ആൻഡ് ഓ ലൈസൻസ് എടുത്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.11/27.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഉടമസ്ഥൻ | സ്ഥാപനം |
|---|---|---|
| 1 | ഡോ.പ്രവീൺ പി.പി. | ഡെന്റാ കെയർ,ഡെന്റൽ ക്ലിനിക്ക്,എരിപുരം |
| 2 | ഡോ.ആരിഫ എസ്.വി. | മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്,എരിപുരം |
| 3 | എസ്.പി.ശ്രീധരൻ | ജനകീയ പോളി ക്ലിനിക്ക്,അടുത്തില |
| 4 | ഡോ. സുധീന്ദ്രൻ എം. | ഹോമിയോ മെഡിക്കൽ സെന്റർ,പഴയങ്ങാടി |

പഞ്ചായത്തു പരിധിയിൽ വരുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി ആൻഡ് ഓ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 കരാറുകാർ,അംഗീകൃതബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ,ആധാരം എഴുത്തുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

(1)അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ

പഞ്ചായത്തിൽ വിവിധ ആവശ്യത്തിനുവേണ്ടി ഹാജരാക്കിയിരിക്കുന്ന ബിൽഡിംഗ് പ്ലാനുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ നിരവധി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ടെന്ന് കണ്ടു. തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യുന്നതിലേക്കായി ആയവരുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2)കരാറുകാർ

2017-18 വർഷത്തെ പബ്ലിക്ക് വർക്ക് എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഗ്രാമപഞ്ചായത്തിന്റെ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്.

| ക്രമ നം | പേര് | ജോലി |
|---|---|---|
| 1 | എം.അമീർ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 2 | പി.ബാലകൃഷ്ണൻ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 3 | പദ്മനാഭൻ ടി.വി. | കോൺട്രാക്ടർ |
| 4 | സദാശിവൻ ടി.പി. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 5 | സി.നാരായണൻ | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 6 | രാജൻ ഇ.വി. | കോൺട്രാക്ടർ |
| 7 | ഷൺമുഖൻ എൻ. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 8 | ഗോവിന്ദൻ കുട്ടി കെ. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 9 | കൃഷ്ണൻ കെ. | കോൺട്രാക്ടർ |
| 10 | ടി.പി.സിദ്ധിക് അമീർഅലി | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 11 | കെ.കുഞ്ഞഹമ്മദ് | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 12 | മുഹമ്മദ് റാഫി എം. | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ |
| 13 | ടി.കുഞ്ഞിക്കണ്ണൻ | കോൺട്രാക്ടർ |
| 14 | അബൂബക്കർ എ | കോൺട്രാക്ടർ |

മേൽ കരാറുകാരിൽ നിന്നും വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

(3)ആധാരം എഴുത്തുകാർ

പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന ആധാരം എഴുത്തുകാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കാത്തത്

1. മാടായി ഗ്രാമപഞ്ചായത്തിന്റെ 2017-22 വികസന രേഖ പ്രകാരം റഹ്മാനിയ എന്ന അൺ-എയ്ഡഡ് സ്കൂൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മേൽ സ്ഥാപനം ഓഡിറ്റുകാലയളവുവരെ സ്ഥാപനതൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഒടുക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.6/25.02.19) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പഴയങ്ങാടി എന്ന സ്ഥാപനം ഓഡിറ്റ് വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

3. പാരാമെഡിക്കൽ രജിസ്ട്രേഷന്റെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന ഡോക്ടർമാർ പഞ്ചായത്തുപരിധിയിൽ പ്രാക്ടീസ് ചെയ്യുന്നതായി കണ്ടു. ആയവർ 2017-18 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | പേര് |
|---|---|
| 1 | ഡോ.പ്രവീൺ പി.പി.,ഡെന്റാ കെയർ |
| 2 | ഡോ. കെ.അബ്ദുൾ ഖാദർ, അൽശിഫ ആയുർവേദ ക്ലിനിക്ക് |
| 3 | ഡോ.എം.അബ്ദുൾ സലാം,ഫാത്തിമ ക്ലിനിക്ക് |

പഞ്ചായത്തു പരിധിയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള എല്ലാ പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-6 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം3 ഉപചട്ടം1, 2 എന്നിവ പ്രകാരം താഴെപ്പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പുപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ, അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്

(1) കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ
(2) ആട് ഫാം : ഇരുപത് മൃഗങ്ങൾ
(3) പൗൾട്രി ഫാം : നൂറ് പക്ഷികൾ

സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും, അപ്രകാരമുള്ള ലൈസൻസിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല.

മാടായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ2017-22 വികസന രേഖയിൽ ലൈവ് സ്റ്റോക്ക് സെൻസസിന്റെ അനുബന്ധവിവരമായി താഴെപ്പറയും പ്രകാരം ഫാമുകൾ പ്രവർത്തിക്കുന്നതായി കാണിച്ചിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| ഡയറി ഫാം | 11 |

| | |
|---|---|
| ഗോട്ട് ഫാം | 7 |
| മുട്ടക്കോഴി | 5 |

എന്നാൽ ആയവ ചട്ടം 3, ഉപചട്ടം 2 പ്രകാരമുള്ള ലൈസൻസ് എടുത്തതായി കാണുന്നില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.11/27.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് എടുക്കാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുശാസിക്കും വിധം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അനധികൃത കെട്ടിടം പൂട്ടിക്കൽ-തുടർ നടപടി എന്തെന്ന് വ്യക്തമല്ല.

പഞ്ചായത്ത് അതിർത്തിയിലുള്ള ഒരു അനധികൃത കെട്ടിടം പൂട്ടിച്ച വകയിൽ വൗച്ചർ നം.21700683/04-11-2017പ്രകാരം ₹2770/- ചെലവഴിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 7/2017-180 തീ.25-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 ആനുകൂല്യ വിതരണപരിപാടി-സ്റ്റേജ്,പന്തൽ എന്നിവയ്ക്ക് തുക ചെലവഴിച്ചു.

വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ്, ഫർണിച്ചർ എന്നിവയുടെ വിതരണത്തിനായി സംഘടിപ്പിച്ച പരിപാടിക്ക് സ്റ്റേജ്, പന്തൽ എന്നിവ നിർമ്മിച്ച വകയിൽ വൗച്ചർ നം.21700355/18-07-2017പ്രകാരം ₹8000/ ചെലവഴിച്ചിട്ടുണ്ട്. ഇത് ഏതിനത്തിലുള്ള ചെലവായാണ് പരിഗണിച്ചിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.08/2017-18 തീ.25-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആനുകൂല്യങ്ങൾ പൊതുപരിപാടി നടത്തി വിതരണം ചെയ്യുന്നത് ശരിയല്ല. ഇത്തരം ചെലവുകൾ കർശനമായി നിയന്ത്രിക്കേണ്ടതാണ്.

### 3-3 ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം-അനുമതി സംബന്ധിച്ച്

പഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ഡാറ്റാ

എൻട്രി ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്.ഇതു സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നിയമനത്തിന്റെ ഉദ്ദേശ്യം | നിയമന കാലയളവ് (ദിവസം) | നിരക്ക്(₹) | ആകെ അനുവദിച്ച തുക(₹),വൗച്ചർ നമ്പർ/ തീയ്യതി |
|---|---|---|---|
| പദ്ധതി രേഖ, വികസന രേഖ ഡാറ്റാ എൻട്രി ചെയ്യൽ | 25 | 710 | 17750/, 21700234/08-6-17 |
| ഗുണഭോക്തൃ ലിസ്റ്റ് ഡാറ്റാ എൻട്രി ചെയ്യൽ | 25 | 710 | 17750/, 21700487/02-9-17 |
| ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ ഡാറ്റാ എൻട്രി ചെയ്യൽ | 09 | 710 | 6390,21700586/5-10-2017 |
| ഗുണഭോക്തൃ ലിസ്റ്റ് ഡാറ്റാ എൻട്രി ചെയ്യൽ | 13 | 710 | 9230/,21700821/27-12-17 |
| പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ-ഡാറ്റാ എൻട്രി | 16 | 710 | 11360,21700820/27-12-17 |
| വാർഷിക പ്ലാൻ ഡാറ്റാ എൻട്രി | 06 | 710 | 4260,21701317/31-3-2018 |

മേൽ കാണിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയതു ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/17-18തീ.25-02-2019) മറുപടിയിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം ചെലവുകൾ നിയന്ത്രിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 സാന്ത്വന പരിചരണ പദ്ധതി(പ്രോ.നം.179/18)-അടവാക്കിയ മുഴുവൻ തുകയുടെയും മരുന്നുലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി)നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ ഭാഗമായി ബിൽ നം.11/17-18 തീ.02-02-2018 പ്രകാരം ₹120000 മരുന്ന്, ഉപകരണങ്ങൾ

എന്നിവയ്ക്കായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 4813/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാനുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.13/27-02-2019)മറുപടിയിൽ 4813/- രൂപയുടെ മരുന്നു ലഭ്യമാക്കാൻ മേൽ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർക്ക് ഇ-മെയിൽ സന്ദേശം നല്കിയിട്ടുണ്ടെന്നും മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 3-5 <u>ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ(പ്രോ.നം.so194/18) -മരുന്നിന്റെ വില സംബന്ധിച്ച്</u>

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ നിർവഹണത്തിനായി ₹500000/-(₹137832/ ബിൽനം.06/17-18/08-11-17, ₹362168/- ബിൽനം.09/17-18 /06-01-18) ചെലവഴിച്ചിട്ടുണ്ട്. മരുന്നു വാങ്ങുമ്പോൾ വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് ഭാരതീയ ചികിത്സാവകുപ്പ് ജില്ലാ ഓഫീസറുടെ(കണ്ണൂർ) 09-8-2017ലെ എ2/2786/2017 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് വാങ്ങുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തിയായിരുന്നോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.12/17-18 തീ.27-02-2019) മറുപടിയിൽ മരുന്നിന്റെ വില സംബന്ധിച്ച കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചാണ് മരുന്നുവാങ്ങുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 <u>എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം - 8,64,000/- രൂപ തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്ടിന്റെ പേര്: എസ്.സി. വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം

| | |
|---|---|
| പ്രോജക്ട് നം | 189/18 |
| അടങ്കൽ | 9,00,000(എസ്.സി.പി) |
| ചെലവ് | 8,64,000(എസ്.സി.പി) |
| ബിൽ നമ്പർ , തീയതി : | 1/17-18 തി. 11.02.18 |

എസ്.സി.വിഭാഗത്തിൽപ്പെടുന്ന ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന 30 വിദ്യാർത്ഥികൾക്ക് ₹30,000 ഏകദേശ വിലവരുന്ന ലാപ് ടോപുകൾ വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. ഇൻവോയ്സ് നം.34/17-18 തീ.6.2.18 പ്രകാരം പവർ സി.എം.എസ് ടെക്നോളജി, തിരുവനന്തപുരത്തുനിന്നും ₹28,800 വിലയുള്ള 30 ലാപ് ടോപ്പുകൾ വാങ്ങി എസ്.സി. വിദ്യാർഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

(1)സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണമാത്രമേ ആനുകൂല്യം നൽകാവൂ.വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ മേൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(2) 30 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിൽ 23 പേരുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

(3)താഴെപ്പറയുന്ന വിദ്യാർത്ഥികൾ ഏത് കോഴ്സ് പഠിക്കുന്നു എന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | ശ്രുതി സുരേഷ് |
| 2 | പ്രസൂൺ ബാബു |
| 3 | ഷാജൻ ഗംഗാധരൻ |
| 4 | അനുഷാ കെ.പി |
| 5 | അമൃതാ പി. |
| 6 | അക്ഷയ കെ.എം. |
| 7 | സ്നേഹ എം. |

(4)ഇൻവോയ്സ് നം.34/17-18 തി.6.2.18 പ്രകാരം പവർ സി.എം.എസ് ടെക്നോളജി, തിരുവനന്തപുരത്തിൽ നിന്നും ലഭിച്ച ലാപ് ടോപ്പ് ടെക്നിക്കൽ എക്സ്പെർട്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.17/27.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം 8,64,000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

(1) പ്രോജക്ടിന്റെ പേര്: കണ്ടായിട്ടുമ്മൽ പ്രഭാകരന്റെ വീട് മുതൽ ദിവാകരന്റെ വീട് വരെ പൈപ്പ്ലൈൻ നീട്ടൽ

| | |
|---|---|
| പ്രോജക്ട് നം | 114/18 |
| അടങ്കൽ | 2,00,000(എസ്.സി.പി.) |

| | |
|---|---|
| ചെലവ് | 2,00,000(എസ്.സി.പി.) |
| ബിൽ നമ്പർ , തീയതി : | 3/17-18 തി:28.11.17 ₹ 2,00,000 |
| വൗച്ചർ നം. | 3/17-18 തി:30.10.17 |

മേൽ പ്രോജക്ട് പ്രകാരം പൈപ്പ്ലൈൻ നീട്ടുന്നതിനായി ₹ 2,00,000 വാട്ടർ അതോറിറ്റിയുടെ 67338447404 നം അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(2) പ്രോജക്ടിന്റെ പേര് : എസ്.സി.കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർടാങ്ക് വിതരണം

| | |
|---|---|
| പ്രോജക്ട് നം | 178/18 |
| അടങ്കൽ | 2,07,000(എസ്.സി.പി.)<br>69000(ഗു.വി.) |
| ചെലവ് | 1,81,125(എസ്.സി.പി.)<br>60,375(ഗു.വി.) |
| ബിൽ നമ്പർ , തീയതി : | 10/17-18 തി:22.02.18 ₹ 2,41,500 |
| വൗച്ചർ നം. | 9/17-18 തി:22.02.18 |

